**മധുരമായ കുട്ടികളേ-ഈ പഠിത്തത്തിൽ ശബ്ദത്തിന്റെ ആവശ്യകതയില്ല - ഇവിടെ ബാബ ഒരേയൊരു മന്ത്രമാണ് തന്നിട്ടുള്ളത്-കുട്ടികളെ, നിശ്ശബ്ദമായിരുന്ന് എന്നെ ഓർമ്മിക്കൂ.**

**ചോദ്യം** : ഈശ്വരീയ ലഹരിയുള്ള കുട്ടികളുടെ അടയാളമെന്താണ്?
**ഉത്തരം** : 1. ഈശ്വരീയ ലഹരിയിലിരിക്കുന്ന കുട്ടികളുടെ പെരുമാറ്റം വളരെ റോയലായിരിക്കും. 2. വായിലൂടെ വളരെ കുറച്ചേ സംസാരിക്കൂ 3. അവരുടെ വായിലൂടെ സദാ ജ്ഞാനരത്നങ്ങൾ മാത്രമേ വരികയുള്ളൂ, റോയലായിട്ടുള്ളവർ വളരെ കുറച്ചേ സംസാരിക്കൂ. നിങ്ങളാണെങ്കിൽ ഈശ്വരീയ സന്താനങ്ങളാണ്, നിങ്ങൾക്ക് വളരെ റോയൽറ്റിയോടെയിരിക്കണം.

**ഓം ശാന്തി**. പരിധിയില്ലാത്ത അച്ഛൻ ഇരുന്ന് കുട്ടികൾക്ക് മനസിലാക്കിത്തരികയാണ്. പരിധിയില്ലാത്ത കുട്ടികൾക്കിരുന്ന് മനസിലാക്കിത്തരുന്നു എന്നും പറയുന്ന ആരുമുണ്ടായിരിക്കില്ല. കുട്ടികളും മനസിലാക്കുന്നുണ്ട്-ഇത് നമ്മുടെ പരിധിയില്ലാത്ത അച്ഛനാണ്. ഈ അച്ഛനെത്തന്നെയാണ് ശിവബാബ എന്നു പറയുന്നത്. വളരെ പേർക്കും ശിവനെന്ന പേരുണ്ട്. എന്നാൽ അവരൊന്നും പരിധിയില്ലാത്ത അച്ഛനല്ല. പരിധിയില്ലാത്ത അച്ഛൻ ഒന്ന് മാത്രമാണ്. ആ അച്ഛൻ പരംധാമത്തിൽ നിന്നാണ് വരുന്നത്. ആ നിരാകാരനായ ബാബയെത്തന്നെയാണ് നമ്മൾ വിളിക്കുന്നത്-ബാബയെ ഭഗവാനെന്നു പറയുന്നു. ബ്രഹ്മാ,വിഷ്ണു,ശങ്കരൻ ദേവതകളാണ്. ആരാണോ പരംധാമത്തിൽ വസിക്കുന്ന ഭഗവാൻ അദ്ദേഹം എല്ലാ ആത്മാക്കളുടെയും അച്ഛനാണ്. നിങ്ങൾ ഏതെങ്കിലും ഗുരു ഗോസായിയുടെ മുന്നിലൊന്നുമല്ല വന്നിരിക്കുന്നത്. നിങ്ങൾക്കറിയാം നമ്മൾ പരിധിയില്ലാത്ത അച്ഛന്റെ മുന്നിലാണ് ഇരിക്കുന്നത്. പരിധിയില്ലാത്ത അച്ഛൻ മധുബനിൽ വന്നിരിക്കയാണ്. മനുഷ്യർ പറയുന്നു-കൃഷ്ണൻ മധുബനിൽ വരുന്നുവെന്ന്. എന്നാൽ അങ്ങനെയല്ല. പരിധിയില്ലാത്ത അച്ഛന്റെ മുരളിയാണ് മധുബനിൽ മുഴങ്ങുന്നത്. ബാബ മനസിലാക്കിത്തരുന്നു-കല്പകല്പം സംഗമയുഗത്തിലാണ് ഞാൻ വരുന്നത്. ഞാൻ യുഗേ യുഗേ ഒന്നും വരുന്നില്ല. ഇത് തെറ്റായി എഴുതിവെച്ചിരിക്കുകയാണ്, യുഗേയുഗേ വരുന്നുവെന്ന്. ഏതെല്ലാം ശാസ്ത്രങ്ങൾ മുതലായവയുണ്ടോ അതെല്ലാം ഭക്തിയുടേതാണ്. എന്നാൽ ഇത് അനാദിയുമല്ല. ബാബ മനസിലാക്കിത്തന്നിട്ടുണ്ട്-ഈ സാഗരവും ജലനദികളും അനാദിയായിട്ടുള്ളതാണ്. അല്ലാതെ ഭക്തി അനാദിയായിട്ടുള്ളതൊന്നുമല്ല. നിങ്ങൾക്കറിയാം സത്യ-ത്രേതായുഗങ്ങളിൽ ഭക്തിയൊന്നുമുണ്ടാവില്ല. ഭക്തി തുടങ്ങുന്നത് ദ്വാപരം മുതൽക്കാണ്. പരിധിയില്ലാത്ത അച്ഛൻ-ആരാണോ ജ്ഞാനത്തിന്റെ സാഗരൻ-ഈ ബ്രഹ്മാവിലൂടെ ഇരുന്ന് കേൾപ്പിക്കുകയാണ്. സൂക്ഷ്മവതനത്തിലൊന്നും മനസിലാക്കിത്തരുന്നില്ല. ബാബ ഇവിടെ സന്മുഖത്താണ് ഇരുന്ന് മനസിലാക്കിത്തരുന്നത്. അതുകൊണ്ടാണ് പറയുന്നത് ദൂരദേശത്തു വസിക്കുന്നവനേ എന്ന്. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ സഹോദരന്മാരാണ്. ദൂരദേശത്തു വസിക്കുന്നവരാണ്. ഈ ഗീതമുണ്ടാക്കുന്നവർ ഒന്നും മനസിലാക്കുന്നില്ല. നിങ്ങൾ യാത്രക്കാരാണ്. ദൂരദേശത്തു നിന്ന് പാർട്ടഭിനയിക്കാൻ വേണ്ടി വന്നിരിക്കയാണ്. നിങ്ങൾക്കറിയാം ഇത് കർമക്ഷേത്രമാണ്. ഇവിടെ തോൽവിയുടെയും വിജയത്തിന്റെയും കളിയാണ്. ഇതും ബാബ മനസിലാക്കിത്തരുന്നു. എല്ലാ മനുഷ്യരും ശാന്തിക്കു വേണ്ടി ദാഹിക്കുകയാണ്. ശാന്തി ആരും മുക്തിധാമത്തിനു വേണ്ടിയല്ല ചോദിക്കുന്നത്. ഇവിടെയിരുന്നുകൊണ്ടാണ് ശാന്തി യാചിക്കുന്നത്. എന്നാൽ ഇവിടെ ഒരിക്കലും മനസിന് ശാന്തി ലഭിക്കില്ല. സന്യാസിമാർ ശാന്തിക്കുവേണ്ടി കാട്ടിൽ പോകുന്നു. അവർ ഇതറിയുന്നില്ല-നമ്മൾ ആത്മാക്കൾക്ക് ശാന്തി നമ്മുടെ നിരാകാരി ലോകത്തിൽ മാത്രമേ ലഭിക്കൂ എന്നത്. അവർ മനസിലാക്കുന്നത് ആത്മാവ് ബ്രഹ്മത്തിൽ അഥവാ പരമാത്മാവിൽ ലയിച്ചു ചേരും എന്നാണ്. ആത്മാവിന്റെ സ്വധർമം തന്നെ ശാന്തിയാണെന്നതുപോലും മനസിലാക്കുന്നില്ല. ഇത് ആത്മാവു തന്നെയാണ് സംസാരിക്കുന്നത്. ആത്മാവ് വസിക്കുന്നതും ശാന്തിധാമത്തിലാണ്. അവിടെ നിന്ന് തന്നെയാണ് ശാന്തി ലഭിക്കുന്നത്. ഈ സമയത്ത് എല്ലാവർക്കും ശാന്തി ആവശ്യമാണ്. സുഖത്തെ ഒരു സന്യാസിമാരും അംഗീകരിക്കുന്നില്ല. നിന്ദിക്കുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ ശാസ്ത്രത്തിൽ കാണിച്ചിട്ടുണ്ട്-ത്രേതായുഗത്തിൽ കംസനും ജരാസന്ധനുമൊക്കെ ഉണ്ടായിരുന്നു. ലക്ഷ്മീനാരായണനെ മറന്നിരിക്കുകയാണ്. തമോപ്രധാന ബുദ്ധിയായിരിക്കുന്നു. ബാബ പറയുന്നു-ഞാൻ നിരാകാരനാണ്. മനുഷ്യർ പറയുന്നു-പരമാത്മാവ് നാമരൂപത്തിൽ നിന്ന് വേറിട്ടതാണ്. ഒരു ഭാഗത്ത് മഹിമ പാടുന്നു, പിന്നെ സർവവ്യാപിയെന്നും പറയുന്നു. നാമരൂപത്തിൽ നിന്ന് വേറിട്ടതാണെങ്കിൽ പിന്നെ സർവവ്യാപി എങ്ങനെയാണ് ആകുക? ആത്മാവിന് തീർച്ചയായും രൂപമുണ്ട്. ആത്മാവ് നാമരൂപത്തിൽ നിന്ന് വേറിട്ടതാണെന്ന് ആർക്കും പറയാൻ സാധിക്കില്ല. പറയുന്നു-ഭൃകുടിമധ്യത്തിൽ...അതുകൊണ്ട് ആത്മാവുതന്നെയാണ് ഒരു ശരീരം വിട്ട് വേറൊരു ശരീരമെടുക്കുന്നത്. പരമാത്മാവ് പുനർജന്മമെടുക്കുന്നില്ല. എന്നാൽ ആ

ത്മാക്കൾ ജനനമരണചക്രത്തിൽ വരുന്നു. ഇതാണ് നിങ്ങളുടെ പഠിത്തം. പഠിത്തത്തിലാരും കൊട്ടുകയും പാടുകയുമൊന്നും ചെയ്യുന്നില്ല. നിങ്ങളുടെ പഠിത്തം രാവിലെയാണ്. ആ സമയത്ത് മനുഷ്യർ ഉറങ്ങിക്കിടക്കുകയാണ്. വാസ്തവത്തിൽ നിങ്ങൾക്ക് റെക്കോർഡ് വെക്കുന്നതിന്റെ ആവശ്യമൊന്നുമില്ല. നമുക്ക് ശബ്ദത്തിനുപരിയായിട്ടാണ് പോകേണ്ടത്. എല്ലാവരെയും ഉണർത്തുന്നതിനു വേണ്ടി ഗീതങ്ങളൊക്കെ വെയ്ക്കേണ്ടതായിവരുന്നു. മുരളി പഠിക്കുന്നതിനോ കേൾക്കുന്നതിനോ ശബ്ദമൊന്നും പുറത്തുപോകുന്നില്ല. പഠിത്തത്തിൽ ശബ്ദമേ ഉണ്ടാകുന്നില്ല. ബാബ ഇരുന്ന് മന്ത്രം തരികയാണ്-കുട്ടികളേ ശാന്തമായിരുന്ന് എന്നെ ഓർമിക്കൂ. ഇവിടെ ഏതെങ്കിലും ഗുരുവും മറ്റുമില്ല, ഇരുന്ന് ഓരോരുത്തരുടെയും ചെവിയിൽ മന്ത്രമോതിത്തരുന്നതിന്. ഗുരുക്കന്മാർ പറയുന്നു-ഇത് ആർക്കും പറഞ്ഞുകൊടുക്കരുതെന്ന്. ഇവിടെ അങ്ങനെയുള്ള കാര്യമൊന്നുമില്ല. ബാബ ജ്ഞാനത്തിന്റെ സാഗരനാണ്. ഇത് ഗീതാപാഠശാലയാണ്. പാഠശാലയിൽ മന്ത്രങ്ങൾ കൊടുക്കുമോ? നിങ്ങൾ ആർക്കെങ്കിലും പേഴ്സനലായി മനസിലാക്കിക്കൊടുക്കുകയാണെങ്കിൽ റെക്കോർഡ് വെക്കുന്നുണ്ടോ? ഇല്ല. ക്ലാസിലും അങ്ങനെ മനസിലാക്കിക്കൊടുക്കണം. ചിത്രവും മുന്നിലുണ്ട്. ആരാണോ ഒരിക്കലും മാപ്പ് കാണാത്തത് അവർക്കെങ്ങനെയാണറിയുക ഇംഗ്ലണ്ടെവിടെ, നേപ്പാൾ എവിടെയെന്ന്. അഥവാ ഭൂപടം കണ്ടിട്ടുണ്ടെങ്കിൽ ബുദ്ധിയിൽ വരും. നിങ്ങൾ കുട്ടികൾക്കും ചിത്രങ്ങളിൽ മുഴുവൻ ഡ്രാമയുടെ രഹസ്യവും മനസിലാക്കിത്തന്നിട്ടുണ്ട്. ഈ നോളജ് ചിത്രങ്ങളില്ലെങ്കിലും മനസിലാക്കിക്കൊടുക്കാൻ പറ്റുന്നതാണ്. മനുഷ്യർക്ക് ഭഗവാനെക്കുറിച്ച് ഒന്നുമറിയില്ല. കല്പത്തിന്റെ ആയുസ്സ് തന്നെ വളരെ നീട്ടിയാണ് കാണിച്ചിട്ടുള്ളത്. ഇപ്പോൾ നിങ്ങൾക്ക് ബാബ മനസിലാക്കിത്തന്നിരിക്കുന്നു, ഇനി നിങ്ങൾ മറ്റുള്ളവർക്കും മനസിലാക്കിക്കൊടുക്കണം. 4 യുഗങ്ങളുടെ 4 ഭാഗമാക്കി തിരിക്കണം. പിന്നെ പകുതി പകുതിയാക്കണം. അരഭാഗം പുതിയ ലോകം, അരഭാഗം പഴയ ലോകം. ലോകത്തിന്റെയും അങ്ങനെത്തന്നെയാണ്. ഇതെല്ലാം ബാബ തന്നെയാണ് വന്ന് കുട്ടികൾക്ക് മനസിലാക്കിത്തരുന്നത്. ഇതിൽ പാട്ടു പാടുന്നതിന്റെയോ കവിത കേൾപ്പിക്കുന്നതിന്റെയോ കാര്യമൊന്നുമില്ല. നമ്മൾ സംഗമയുഗത്തിലെ ബ്രാഹ്മണരുടെ ആചാര രീതിയുമൊക്കെ വളരെ വ്യത്യസ്തമാണ്. ആർക്കും അറിയുക തന്നെയില്ല, സംഗമയുഗമെന്ന് ഏതിനെയാണ് പറയുന്നത്, സംഗമത്തിൽ എന്താണ് സംഭവിക്കുന്നത്? നിങ്ങൾക്കറിയാം ദൂരദേശത്തിരിക്കുന്നവനായ ബാബ പതീതലോകത്തേക്ക് വന്നിരിക്കുകയാണെന്ന്. ബ്രഹ്മാ-വിഷ്ണു-ശങ്കരന്മാരുടേത് ദൂരദേശമൊന്നുമല്ല. ദൂരദേശം ശിവബാബയുടേതാണ്. പിന്നെ ആത്മാക്കളുടെയും. നമ്മളെല്ലാവരും നിരാകാരിലോകത്തിൽ വസിക്കുന്നവരാണ്. ആദ്യം നിരാകാരിലോകം, പിന്നീട് ആകാരി, പിന്നെ സാകാരി. നിരാകാരിലോകത്തിൽ നിന്ന് ആദ്യം ദേവീദേവതാധർമത്തിന്റെ ആത്മാക്കൾ വരുന്നു. ആദ്യം സൂര്യവംശീകുലം ഇവിടെയുണ്ടായിരുന്നു. പിന്നെ ചന്ദ്രവംശീകുലത്തിലെ ആത്മാക്കൾ വരും. സൂര്യവംശിയുണ്ടെങ്കിൽ ചന്ദവംശി ഉണ്ടായിരിക്കില്ല. ചന്ദ്രവംശി എപ്പോഴാണോ ഉണ്ടാകുന്നത് അപ്പോൾ പറയും സൂര്യവംശി കഴിഞ്ഞുവെന്ന്. ത്രേതായുഗത്തിൽ പറയും ലക്ഷ്മീനാരായണന്റെ പാർട്ട് കഴിഞ്ഞുവെന്ന്. അല്ലാതെ ഇങ്ങനെയൊന്നും പറയില്ല-നമ്മൾ വീണ്ടും വൈശ്യരും ശൂദ്രരുമായി മാറും. ഇങ്ങനെയൊരിക്കലും പറയില്ല. ഈ അറിവ് നിങ്ങൾക്കിപ്പോൾ മാത്രമേയുള്ളൂ. ബാബ നിങ്ങൾക്ക് ചക്രത്തിന്റെ രഹസ്യം മനസിലാക്കിത്തരുകയാണ്. ലോകത്തെ മനുഷ്യർ ത്രിമൂർത്തിയെ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ അതിൽ ശിവനെ കാണിച്ചിട്ടില്ല. ശിവനെ അറിഞ്ഞാൽ ചക്രത്തെയും അറിയും. ശിവനെ അറിയാത്തതുകൊണ്ട് ചക്രത്തെയും അറിയുന്നില്ല. പാടുന്നുമുണ്ട്- ദൂരദേശത്തിരിക്കുന്നവനേ...എന്നാൽ അറിയില്ല-ഭഗവാൻ തന്നെയാണ് പതീതപാവനൻ. നിങ്ങൾക്കറിയാം, നമ്മുടെ ഈ യജ്ഞം വളരെ വലിയതാണ്. മനുഷ്യരുടെ യജ്ഞത്തിൽ എള്ളും യവവും മറ്റും ഇടുന്നു. ഇത് രാജസ്വ അശ്വമേധ രുദ്രജ്ഞാന യജ്ഞമാണ്. ഈ യജ്ഞത്തിൽ മുഴുവൻ പഴയ ലോകത്തിന്റെയും സാമഗ്രി സ്വാഹ ചെയ്യുകയാണ്. ആർക്കാണോ രാജ്യഭാഗ്യം നേടേണ്ടത്, അവർ യോഗത്തിൽ പൂർണമായും ഇരിക്കും. ത്രേതായുഗത്തിലും രണ്ട് കല കുറവാണെന്നു പറയും. ആദ്യം 1250 വർഷം സത്യയുഗത്തിന്റേതാണ്. പിന്നീട് 625 വർഷത്തിൽ ഒരു കല കുറയും. ഇറങ്ങുന്ന കലയാണല്ലോ. ത്രേതായുഗത്തിൽ വീണ്ടും ക്ലാവു പിടിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസിലാക്കിത്തരികയാണ്- എത്രത്തോളം ബാബയുടെ അടുത്ത് ബുദ്ധിയോഗം വെക്കുന്നുവോ ക്ലാവ് പൊയ്ക്കൊണ്ടിരിക്കും. അല്ലെങ്കിൽ ശിക്ഷയനുഭവിച്ച് പിന്നെ ത്രേതായുഗത്തിൽ വരും. കൃഷ്ണനെ എല്ലാവരും സ്നേഹിക്കുന്നു. ഊഞ്ഞാലിലാട്ടുന്നു, രാമനെ ഇത്രയധികം ആട്ടുന്നില്ല. ഇന്നാണെങ്കിൽ മത്സരിക്കുകയാണ്.എന്നാൽ ഇതാരും മനസിലാക്കുന്നില്ല- ലക്ഷ്മിയും നാരായണനും തന്നെയാണ് ചെറുപ്പത്തിൽ രാധയും കൃഷ്ണനുമായിട്ട് ഉണ്ടായിരുന്നത്. രാധയുടെയും കൃഷ്ണന്റെയും മേൽ വളരെയധികം ദോഷങ്ങൾ ചാർത്തിയിട്ടുണ്ട്. ലക്ഷമീനാരായണനെ ദോഷമൊന്നും പറയുന്നില്ല. കൃഷ്ണനാണെങ്കിൽ ചെറിയ കുട്ടിയാണ്. കുട്ടികൾ മഹാത്മാക്കൾക്കു സമമാണെന്നാണ് പറയുക. മഹാത്മാക്കളായിരിക്കുന്ന മനുഷ്യർ സന്യാസം ചെയ്യുന്നു. കൃഷ്ണനാണെങ്കിൽ പതീതനായിരുന്നില്ല. അതുകൊണ്ട് സന്യസിക്കേണ്ട ആവശ്യവുമില്ല. ചെറിയ കുട്ടികൾ പവിത്രരായിരിക്കും. അതുകൊണ്ടാണ് കുട്ടികളെ എല്ലാവരും സ്നേഹിക്കുന്നത്. ആദ്യം സതോപ്രധാനമായിരിക്കും. പിന്നീട് രജോ, തമോയിൽ വരും. കൃഷ്ണ

നെ എല്ലാവരും വളരെയധികം ഓർമിക്കുന്നുണ്ട്. ബാബയുടെ മൻമനാഭവ മന്ത്രം വളരെ പ്രശസ്തമാണ്. ദേഹീഅഭിമാനിയായിരിക്കൂ. ദേഹത്തിന്റെ എല്ലാ ധർമങ്ങളെയും ഉപേക്ഷിക്കൂ. ഈ ജ്ഞാനം നിങ്ങൾക്ക് ഏതു ധർമത്തിൽ പെട്ടവർക്കും കൊടുക്കാൻ സാധിക്കും. പരിധിയില്ലാത്ത അച്ഛൻ പറയുകയാണ്-അല്ലാഹുവിനെ ഓർമിക്കൂ. ആത്മാവ് അല്ലാഹുവിന്റെ കുട്ടിയാണ്. ആത്മാവു പറയുന്നു-ഖുദാ താലാ, അള്ളാസായീ. അല്ലാഹു എന്ന് പറയുന്നു എങ്കിൽ തീർച്ചയായും ആത്മാവിന്റെ പിതാവ് നിരാകാരനാണ്. അവരെത്തന്നെയാണ് എല്ലാവരും ഓർമിക്കുന്നത്. അല്ലാഹു എന്ന് പറയുമ്പോൾത്തന്നെ ദൃഷ്ടി തീർച്ചയായും മേലോട്ടുപോകും. ബുദ്ധിയിലുണ്ട്-അല്ലാഹു മുകളിലാണ്. ഇത് സാകാരസൃഷ്ടിയാണ്, നമ്മൾ അവിടെ വസിക്കുന്നവരാണ്.
ബാബ പറയുന്നു-ഞാനും യാത്രക്കാരനാണ്, നിങ്ങളും യാത്രക്കാരാണ്. എന്നാൽ നിങ്ങൾ യാത്രക്കാർ പുനർജന്മമെടുക്കുന്നു. യാത്രക്കാരനായ ഞാൻ ഒരിക്കലും പുനർജന്മമെടുക്കുന്നില്ല. ഞാൻ നിങ്ങളെ ഈ അഴുക്കായ പുനർജന്മത്തിൽ നിന്ന് മോചിപ്പിക്കുന്നു. ഈ രാവണരാജ്യത്തിൽ നിങ്ങൾ വളരെ ദുഃഖിതരാണ്. അപ്പോഴാണ് നിങ്ങൾ എന്നെ വിളിക്കുന്നത്. ബാബ എത്രയെത്ര നല്ല കാര്യങ്ങളാണ് നിങ്ങൾക്കു മനസിലാക്കിത്തരുന്നത്. കുട്ടികളേ, ഇപ്പോൾ ഈ കളി പൂർണമാകാൻ പോകുകയാണ്. ഇവിടെ വളരെയധികം ദുഃഖമാണ്. എല്ലാ സാധനങ്ങളും എത്രയാണ് വില കൂടിയിരിക്കുന്നത്. ഇനി കുറയുകയൊന്നുമില്ല. മുമ്പു വളരെ വില കുറവുണ്ടായിരുന്നു. എല്ലാവരുടെയടുത്തും ധാന്യങ്ങളൊക്കെ ധാരാളമുണ്ടായിരുന്നു. സത്യയുഗത്തിനെ പറയുന്നതു തന്നെ ഗോൾഡൻ ഏജ് എന്നാണ്. അവിടെ സ്വർണത്തിന്റെ നാണയം ഉണ്ടായിരുന്നു. അവിടെ എല്ലാം തന്നെ സ്വർണത്തിന്റേതായിരുന്നു, വെള്ളി പോലുമുണ്ടായിരുന്നില്ല. അവിടെ മാർക്കറ്റുകളെല്ലാം ഇത്രയും മനോഹരമായിരുന്നു. രത്നങ്ങളും വജ്രങ്ങളും എന്തെല്ലാമാണവിടെ ധരിച്ചിരുന്നത്. അവിടെ രത്നങ്ങളുടെയും വജ്രങ്ങളുടെയും കളിയായിരുന്നു.  കൃഷിസ്ഥലവുമെല്ലാം വളരെയധികം ഉണ്ടായിരുന്നു. ഇവിടെ അമേരിക്കയിൽ ധാന്യങ്ങൾ എത്രയാണുണ്ടാകുന്നത്. അവർ കത്തിച്ചുകളയുകയാണ്. ഇപ്പോഴാണെങ്കിൽ ബാക്കി വരുന്നത് കൊടുത്തയയക്കുകയാണ്. ഭാരതത്തിന് ദാനം ചെയ്യുകയാണ്. ഭാരതത്തിന്റെ ഗതി നോക്കൂ എന്തായിരിക്കുന്നു. ബാബ പറയുകയാണ്-ഞാൻ എത്ര വലിയ രാജ്യഭാഗ്യമാണ് തന്നിരുന്നത്. നിങ്ങൾ ദേവീദേവതകൾ വളരെ സുഖം നൽകുന്നവരായിരുന്നു. അതിനെത്തന്നെയാണ് പറയുന്നത്-ഗോൾഡൻ ഏജ്. മുഹമ്മദ് ഗസ്നി എത്രയധികം രത്നങ്ങളുടെയും വജ്രങ്ങളുടെയും സാധനങ്ങളാണ് കൊള്ളയടിച്ചുകൊണ്ടുപോയത്. എത്രയധികം സാധനങ്ങൾ അവർ എടുത്തിട്ടുണ്ടാകും. ഒന്നിന്റെയും കണക്കെടുക്കാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ അധികാരികളായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു യാത്രക്കാരൻ മുഴുവൻ ലോകത്തിനെയും സുന്ദരമാക്കി മാറ്റും. ശ്മശാനത്തിനെ പരിസ്ഥാനാക്കി മാറ്റും. ഇവിടെ നിങ്ങൾ കുട്ടികൾ വന്നിരിക്കുന്നതുതന്നെ റിഫ്രഷ് ആകുന്നതിനു വേണ്ടിയാണ്. യാത്രക്കാരനെ ഓർമിക്കുകയാണ്. നിങ്ങളും യാത്രക്കാരാണ്. ഇവിടെ പഞ്ചതത്വങ്ങളുടെ ശരീരമെടുത്തിരിക്കുകയാണ്. സൂക്ഷ്മവതനത്തിൽ പഞ്ചതത്വങ്ങളില്ല. അഞ്ചു തത്വങ്ങൾ ഇവിടെയാണുള്ളത്. ഇവിടെയാണ് നിങ്ങൾ പാർട്ടഭിനയിക്കുന്നത്. നമ്മുടെ ശരിക്കുള്ള ദേശം അവിടെയാണ്. ഈ സമയത്ത് ആത്മാവ് പതീതമായി മാറിയിരിക്കുകയാണ്. അതുകൊണ്ടാണ് ബാബയെ വിളിക്കുന്നത്-അങ്ങു വരൂ-വന്നിട്ട് ഞങ്ങളെ പാവനമാക്കൂ. രാവണൻ ഞങ്ങളെ പതീതമാക്കി കറുത്തതാക്കിയിരിക്കുന്നു. എപ്പോൾ മുതൽ രാവണൻ വന്നുവോ അപ്പോൾ മുതൽ ഞങ്ങൾ പതീതരായി മാറി. ഇപ്പോൾ തീർച്ചയായും മനസിലാക്കുന്നുണ്ട്-ഞങ്ങൾ പാവനമായിരുന്നു. അതുകൊണ്ടാണ് ഓർമിക്കുന്നത്-ഹേ പതീതപാവനാ വരൂ. ആരോ ഉണ്ട്,അവരെ വിളിക്കുകയാണ്. കുട്ടികൾ ബാബയെ വിളിക്കുകയാണ്-ഓ ഗോഡ്ഫാദർ. അദ്ദേഹത്തിന്റെ പേരു തന്നെ ഹെവൻലി ഗോഡ്ഫാദർ എന്നാണ്, കാരണം തീർച്ചയായും സ്വർഗത്തിന്റെ രചയിതാവാണ്. ബാബ പറയുന്നു- ഈ പഠിത്തത്തിൽ കൊട്ടും പാട്ടിന്റെയും ഒന്നും ആവശ്യമില്ല. ബാബ പറഞ്ഞിട്ടുണ്ട്-ഏതെങ്കിലും നല്ല നല്ല റെക്കോർഡുണ്ടെങ്കിൽ, ഏതാണ് ബാബ ഉണ്ടാക്കിപ്പിച്ചിട്ടുള്ളത്-അതും എപ്പോഴാണ് ഉദാസീനത വരുന്നത് അപ്പോൾ സ്വയത്തെ റിഫ്രഷ് ആക്കുന്നതിനു വേണ്ടി വേണമെങ്കിൽ പാട്ടു വെച്ചോളൂ. എന്നാൽ എത്ര ശബ്ദം കുറയുന്നുവോ അത്രയും നല്ലതാണ്. റോയലായിട്ടുള്ള മനഷ്യർ വളരെ കുറച്ചു ശബ്ദമേ ഉണ്ടാക്കൂ. വായിലൂടെ കുറച്ചു മാത്രം സംസാരിക്കും-ഏതു പോലെയാണോ രത്നങ്ങൾ വീഴുന്നത്. നിങ്ങൾ ഈശ്വരന്റെ സന്താനങ്ങളാണ്. അതുകൊണ്ട് എത്ര റോയൽറ്റി ഉണ്ടായിരിക്കണം, എത്ര ലഹരിയുണ്ടായിരിക്കണം നിങ്ങൾക്ക്. രാജാവിന്റെ കുട്ടികൾക്കുപോലും ഇത്ര ലഹരിയുണ്ടാവില്ല, നിങ്ങൾക്കുള്ളതുപോലെ.   ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. സ്വയത്തെ സദാ റിഫ്രഷ് ആക്കി വെക്കണം. വായിൽക്കൂടി രത്നങ്ങൾ മാത്രമേ പുറത്തു വരാവൂ. എപ്പോഴെങ്കിലും ഉദാസീനതയോ മറ്റോ വരികയാണെങ്കിൽ ബാബ ഉണ്ടാക്കിച്ച ഗീതങ്ങൾ കേൾക്കണം.

2. ദേഹീഅഭിമാനിയായി മാറുന്നതിന്റെ പ്രാക്ടീസ് ചെയ്യണം. ഓർമയിലിരുന്നുകൊണ്ട് ആത്മാവിൽ പിടിച്ചിരിക്കുന്ന ക്ലാവിനെ ഇല്ലാതാക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

**വരദാനം- ഒന്നിന്റെ മാത്രം ഓർമ്മയിൽ മനസ്സിനെ ഏകാഗ്രമാക്കി മൻമനാഭവ യിലിരിക്കുന്ന എവർറെഡി സമ്പൂർണ്ണരായി ഭവിക്കട്ടെ.**

സദാ ഓർമ്മയിൽ വെക്കൂ ഏത് സമയത്തും എവർറെഡിയായിരിക്കണം. ഏത് സമയത്തും ഏത് പരിതസ്ഥിതി വന്നാലും നാം എവർറെഡിയായിരിക്കും. നാളെത്തന്നെ വിനാശം വന്നാലും നാം തയ്യാറായിരിക്കും. എവർറെഡി അർത്ഥം സമ്പൂർണ്ണം. സമ്പൂർണ്ണരാകുന്നതിന് വേണ്ടി ഒരു ബാബ രണ്ടാമതാരുമില്ല-ഈ തയ്യാറെടുപ്പ് വേണം. മനസ്സ് സദാ ഒന്നിന് നേരെ മൻമനാഭവ ആണെങ്കിൽ എവർറെഡിയായി മാറും. എവർറെഡിയായി സേവനം ചെയ്യൂ എങ്കിൽ സേവനത്തിൽ സഹയോഗം ലഭിക്കും, സഫലതയും ലഭിക്കും.

**സ്ലോഗൻ- ബാബയുടെ ആയിരം മടങ്ങ് സഹായത്തിന് പാത്രമാകണമെങ്കിൽ ധൈര്യത്തിന്റെ ഒരു ചുവട് മുന്നിൽ വെക്കൂ.**